# ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ

## ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്

## തിരുവനന്തപുരം

website: www. Forest.kerala.gov.in, Email: fibnews@gmail.com, Ph. 0471- 2529145

## പത്രക്കുറിപ്പ്

തീയതി: 12.12.2019

### സംസ്ഥാന വനം കായികമേള; ഉദ്ഘാടനം ഇന്ന്(13/12/2019)

സംസ്ഥാന വനം കായിക മേള പാലക്കാട് ഒലവക്കോട് റെയിൽവേ ഗ്രൗണ്ടിൽ ഇന്ന് രാവിലെ എട്ടുമണിക്ക് വനംമന്ത്രി അഡ്വ കെ രാജു ഉദ്ഘാടനം ചെയ്യും. ഷാഫി പറമ്പിൽ എം എൽ എയുടെ അദ്ധ്യക്ഷതയിൽ ചേരുന്ന യോഗത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ കെ ശാന്തകുമാരി, വനംവന്യജീവി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഡോ ആശാതോമസ്, മുഖ്യവനം മേധാവി പി കെ കേശവൻ, ചീഫ് വൈൽഡ് ലൈഫ് വാർഡൻ സുരേന്ദ്രകുമാർ, പി സി സി എഫ് മാരായ ദേവേന്ദ്രകുമാർ വർമ, ശ്രീപാൽ, ബെന്നിച്ചൻ തോമസ്, എ പി സി സി എഫ് രാജേഷ് രവീന്ദ്രൻ സി സി എഫ് പി പി പ്രമോദ്, ബി എൻ അഞ്ജൻ കുമാർ തുടങ്ങിയവർ സംബന്ധിക്കും. ഡിസംബർ 12.13 ,14 തിയ്യതികളിലായി നടക്കുന്ന കായികമേള നാളെ സമാപിക്കും. സമാപന സമ്മേളനം നാളെ വൈകുന്നേരം നാല് മണിക്ക് ജലവിഭവ വകുപ്പ് മന്ത്രി കെ കൃഷ്ണൻകുട്ടി ഉദ്ഘാടനം ചെയ്യും. വി കെ ശ്രീകണ്ഠൻ അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ പാലക്കാട് മുനിസിപ്പൽ ചെയർപേഴ്സൺ പ്രമീളാ ശശിധരൻ,പാലക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എം പി ബിന്ദു, ചീഫ് വൈൽഡ് ലൈഫ് വാർഡൻ സുരേന്ദ്രകുമാർ, പി സി സി എഫ് മാരായ ദേവേന്ദ്രകുമാർ വർമ, ശ്രീപാൽ, ബെന്നിച്ചൻ തോമസ്, എ പി സി സി എഫ് രാജേഷ് രവീന്ദ്രൻ, ജില്ലാകളക്ടർ ഡി ബാലമുരളി, റെയിൽലേ ഡിവിഷണൽ മാനേജർ പ്രതാപ് സിംഗ് ഷാമി,ഡി എഫ് ഒ നരേന്ദ്രനാഥ് വേലൂരി തുടങ്ങിയവർ സംബന്ധിക്കും.

ഡോ. അഞ്ചൽ കൃഷ്ണകുമാർ
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ